# ഉള്ളടക്കം

ആമുഖം ലക്ഷ്യങ്ങൾ
അവസ്ഥാ പഠനം
പ്രശ്നങ്ങൾ , പരിമിതികൾ
പ്രശ്നങ്ങൾ കാരണങ്ങൾ പരിഹാരങ്ങൾ
കൈത്താങ്ങ് - ഉൾച്ചേർന്ന വിദ്യാഭ്യാസം.
പത്തരമാറ്റ്
Know your Child
ആരോഗ്യകായിക വിദ്യാഭ്യാസം
പഠനോത്സവം
പരീക്ഷണോത്സവം
ബാലസഭ
ക്ലാസ് പത്രം.
ഗണിത കേളികൾ
റീഡേഴ്സ് തിയേറ്റർ
ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം
സചിത്ര ഡയറി
ദിനാചരണങ്ങൾ
ദൈനംദിന പ്രവർത്തനങ്ങൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026




**സി.കെ.എം.എം.എ.എൽ.പി.സ്ക്കൂൾ പാണക്കാട്**

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സി കുഞ്ഞഹമ്മദ് മാസ്റ്റർ മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ പാണക്കാട്. |
| മേൽവിലാസം | : പട്ടർകടവ് ( പി ഒ ) , മലപ്പുറം - 676519 |
| ഫോൺ | : 04832 836675 |
| സ്കൂൾ കോഡ് | : 18433 |
| വിദ്യാഭ്യാസ ഉപജില്ല | : മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി ആർ സി | : മലപ്പുറം |
| സി ആർ സി | : ജി എം എൽ പി എസ് കോൽമണ്ണ |
| മുനിസിപ്പാലിറ്റി | : മലപ്പുറം |
| വാർഡ് | : 37 |
| നിയമസഭാ മണ്ഡലം | : മലപ്പുറം |
| ലോകസഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : ഏറനാട് |
| വില്ലേജ് | : പാണക്കാട് |
| മാനേജർ | : ശ്രീമതി എൻ സഫിയ്യ |
| പ്രധാനാധ്യാപകൻ | : ശ്രീ സി എ ഹിയാസിന്ത് |
| പി ടി എ പ്രസിഡണ്ട് | : ശ്രീ അബ്ദുസലീം സി |
| എം ടി എ പ്രസിഡണ്ട് | : ശ്രീമതി സ്മിജി |
| ഇ-മെയിൽ | : ckmmpanakkad@gmail.com |
| വെബ്സൈറ്റ് | : www.ckmmalpspanakkad.in |

ckmmalps panakkad

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

# അവസ്ഥാപഠനം

## പാഠ്യപദ്ധതി വിനിമയം

**പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിന് കൂട്ടായ പ്രവർത്തനങ്ങൾ സ്കൂളിൽ നടക്കുന്നു.**

- പ്രക്രിയാ ബന്ധിതമായ ആസൂത്രണം class SRG -കളിൽ നടത്തിയ ശേഷമാണ് ഓരോ ക്ലാസും എടുക്കുന്നത്.
- പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ് വിനിമയം ചെയ്യാൻ  അധ്യാപകർ ശ്രമിക്കാറുണ്ട്.
- എല്ലാ വിഷയങ്ങളിലെയും എല്ലാ മേഖലകളിലെയും അവസ്ഥാ പഠനം നടത്തി ഓരോ ശേഷിയിലും വ്യത്യസ്ത നിലവാരക്കാരെ തിരിച്ചറിഞ്ഞ് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പദ്ധതി രൂപീകരിച്ച് അവരെ മറ്റ് കുട്ടികളോടൊപ്പമെത്തിക്കാൻ എല്ലാ ക്ലാസ്സും ശ്രമിക്കുന്നു.
- ആരോഗ്യ ശീലങ്ങൾ, കായിക ക്ഷമത എന്നിവ നിരന്തരം ക്ലാസ്സുകളിൽ നൽകാൻ എല്ലാ ക്ലാസ്സും ശ്രമിക്കാറുണ്ട്. ഇവ ഡെയ്‌ലി പ്രവർത്തനങ്ങളുടെ ഭാഗമാക്കാൻ ഇനി മുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

## പഠനാന്തരീക്ഷം

**മെച്ചപ്പെട്ട പഠനാന്തരീക്ഷം നൽകാൻ എല്ലാ ക്ലാസ്സിനും കഴിയുന്നുണ്ട്.**

- മെച്ചപ്പെട്ട പഠനാന്തരീക്ഷം നൽകാൻ വേണ്ടി ക്ലാസ് സജ്ജീകരിക്കാറുണ്ട്.
- ക്ലാസ്സ്മുറികളിൽ ജനാധിപത്യം, സ്വാതന്ത്ര്യ ചിന്ത, ലിംഗ സമത്വം എല്ലാ കുട്ടികളെയും ഒന്നായി കാണുന്ന അന്തരീക്ഷമുണ്ട്.
- അനുയോജ്യമായ പഠനോപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താറുണ്ട്.
- മികച്ച അധ്യാപക-വിദ്യാർത്ഥി ബന്ധം പുലർത്താൻ ശ്രമിക്കാറുണ്ട്
- ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും ക്ലാസ്സിൽ ഉണ്ട്.
- കളിസ്ഥലവും കാളിയുപകരണങ്ങളും സ്കൂളിനനുസരിച്ച് കുറവാണെങ്കിലും സാധ്യമായ തരത്തിൽ കുട്ടികൾക്ക് നൽകാൻ ശ്രമിക്കാറുണ്ട്.

## അധ്യാപകർ

- പാഠ്യ പദ്ധതിക്കനുസൃതമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർ ഓരോരുത്തരും ശ്രമിക്കാറുണ്ട്.
- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം ക്ലാസുകളിൽ നൽകാൻ ഓരോരുത്തരും ശ്രമിക്കാറുണ്ട്.
- പഠന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്താറുണ്ട്.
- ആവശ്യമായ സാമൂഹിക പിന്തുണ നേടാറുണ്ട്.
- വ്യക്തമായ സാമൂഹിക പിന്തുണ, CPTA പിന്തുണ ഉറപ്പ് വരുത്താറുണ്ട്.
- അധ്യാപക രക്ഷാകർതൃ ബന്ധം ഊഷ്മളമാക്കാൻ ഓരോരുത്തരും ശ്രമിക്കാറുണ്ട്.
- ദൈനം ദിനാസൂത്രണവും സമഗ്രാസൂത്രണവും നടത്താറുണ്ട്.
- പ്രതികരണം രേഖപ്പെടുത്താറുണ്ട്, അതിനനുസരിച്ച് പഠന പ്രവർത്തനങ്ങൾ സജ്ജമാക്കാറുണ്ട്.

## ഭൗതിക സാഹചര്യം

- കുട്ടികൾക്ക് യോജിച്ച പഠനാന്തരീക്ഷം ഓരോ ക്ലാസ്സിലും സജ്ജമാക്കിയിട്ടുണ്ട്.
- പരിസ്ഥിതി സൗഹൃദ-വിദ്യാർത്ഥി സൗഹൃദ ക്ലാസ്സ് അന്തരീക്ഷമുണ്ട്.
- മതിയായ എണ്ണം ടോയ്‌ലറ്റുകൾ ഉണ്ട്.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് യോജിച്ച ടോയ്‌ലറ്റ്, ക്ലാസ്സുകൾ എന്നിവ ഉണ്ട്.
- മതിയായ രീതിയിലുള്ള ഇരിപ്പിട സൗകര്യങ്ങൾ ഉണ്ട്.
- ശുദ്ധജല ലഭ്യതയും കൈകൾ കഴുകുന്നതിന് മതിയായ സൗകര്യങ്ങളും ഉണ്ട്.
- വൃത്തിയുള്ള രീതിയിൽ ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യമുണ്ട്.
- സ്കൂളിൽ വാഹന സൗകര്യമുണ്ട്.

## സാമൂഹ്യ ഇടപെടലുകൾ

- സജീവമായ PTA, SMC, MTA, CPTA എന്നിവ സ്കൂളിനുണ്ട്.
- സജീവമായി ഇടപെടുന്ന വാർഡ് കൗൺസിലർ സ്കൂളിനുണ്ട്.
- പൂർവ്വ വിദ്യാർത്ഥികൾ, പ്രാദേശിക വിദഗ്ദർ എന്നിവർ സ്കൂളുമായി ബന്ധപ്പെടാറുണ്ട്.

# പ്രശ്നങ്ങളും കാരണങ്ങളും പരിഹാരങ്ങളും

## പ്രശ്നങ്ങൾ

- വായന, ലേഖന പ്രവർത്തനങ്ങൾക്ക് പ്രയാസം
- സ്വാതന്ത്ര്യ വായനയിൽ താൽപര്യക്കുറവ്
- ഗണിതപ്രവർത്തനങ്ങൾക്ക് പ്രയാസം, താൽപര്യക്കുറവ്
- ഭാഷാ ശേഷികൾ, വ്യവഹാരങ്ങൾ എന്നിവ നേടാൻ പ്രയാസം
- പരിസരവുമായി സൗഹൃദമല്ലാത്ത അവസ്ഥ
- ഡിജിറ്റൽ അച്ചടക്കത്തിന്റെ കുറവ്
- കായിക ക്ഷമതയെ കുറിച്ചു അറിവില്ലായ്മ, കായികക്ഷമതയുടെ കുറവ്
- വ്യായാമ ശീലമില്ലായ്മ
- ഇംഗ്ലീഷിനോടുള്ള താൽപര്യക്കുറവ്.
- മത്സരപരീക്ഷകളിൽ താൽപര്യക്കുറവ്.

## കാരണങ്ങൾ

- **വായനാശീലത്തിന്റെ കുറവ്**, ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം മൂലം കാണാനും കേൾക്കാനും ധാരാളം അവസരങ്ങൾ ലഭിക്കുന്നതിനാൽ വായനക്ക് ശ്രമിക്കാത്ത പ്രകൃതമാണ് കുട്ടികളിൽ. വായനക്കുള്ള ക്ഷമയോ താല്പര്യമോ കുട്ടികളിൽ കുറവ്.
- **ലേഖന പ്രവർത്തനങ്ങളോട് വിരക്തി.** ഡിജിറ്റൽ സാഹചര്യങ്ങൾ ലേഖനങ്ങൾക്ക് അവസരം കുറക്കുന്നു. സൂക്ഷ്മതയോടെയും താല്പര്യപൂർവ്വവവും എഴുതുന്ന ഒരു പ്രകൃതം കുട്ടികളിൽ കുറഞ്ഞ വരുന്നു.
- **പരിസര സൗഹൃദമില്ലാത്ത അവസ്ഥ.** കുട്ടികൾ പരിസരത്തെ നിരീക്ഷിക്കുകയോ പുറത്തിറങ്ങുകയോ പരിസര വൈവിധ്യവും അതിന്റെ പരസ്പര ബന്ധവും ആവാസവ്യവസ്ഥയും അറിയാൻ താല്പര്യപ്പെടുകയോ പെടുത്തുകയോ ചെയ്യാത്ത അന്തരീക്ഷത്തിലാണ് ജീവിക്കുന്നത്. അവരുടെ എല്ലാ വൈവിധ്യങ്ങളും ഡിജിറ്റൽ ഉപകരണങ്ങളിലാണ്

- **ഡിജിറ്റൽ അച്ചടക്കത്തിന്റെ കുറവ്** മൂലം കുട്ടികളുടെ സ്വഭാവങ്ങളിലും ശീലങ്ങളിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്.
- **കായിക ക്ഷമതയുടെ കുറവ്**. കായിക വിനോദങ്ങളിലോ കളികളിലോ ഏർപ്പെടുന്ന കുട്ടികൾ കുറവാണ്. അണുകുടുംബം, പുറത്തിറങ്ങാതെ പ്രകൃതം, എല്ലാ വീടുകളിലും ഡിജിറ്റൽ ഉപകാരണങ്ങളിലൊതുങ്ങിയ പ്രകൃതം എന്നിവ കുട്ടികളുടെ ആരോഗ്യത്തെയും കായിക ക്ഷമതയെയും ബാധിക്കുന്നു.
- ഭക്ഷണ രീതികളിൽ വന്ന മാറ്റങ്ങളും കുട്ടികളുടെ ആരോഗ്യത്തെ ബാധിച്ചിട്ടുണ്ട്. വ്യായാമവും കുട്ടികളിൽ കുറവാണ്.

# പരിഹാരങ്ങൾ

- വായന ലേഖന പ്രവർത്തനങ്ങൾ എന്നിവ ശിശു സൗഹൃദമാക്കുക.
- വ്യത്യസ്തമായ പദ്ധതികളിലൂടെ വായനാ ലേഖന പ്രവർത്തനങ്ങളെ കുട്ടികളുടെ ജീവിത ഭാഗമാക്കുക.
- ഭാഷാ വ്യവഹാരങ്ങൾ വർധിപ്പിക്കുന്നതിനായി വ്യത്യസ്ത പദ്ധതികൾ രൂപവത്കരിക്കുക. സംയുക്ത ഡയറി, സചിത്ര ഡയറി, സർഗ്ഗാത്മക ഡയറി, പാട്ടരങ്ങ്, റീഡേഴ്സ് തിയറ്റർ, ദിനാചരണങ്ങൾ, ക്ലാസ്സ് പത്രം, രചനോത്സവം, ഭാഷോത്സവം ബാലസഭ എന്നിവ നടത്തണം.
- കുട്ടികളെ പരിസര സൗഹൃദ കുട്ടികളാക്കി മാറ്റണമെങ്കിൽ പരിസര സൗഹൃദ അന്തരീക്ഷം സ്കൂളിലും വീട്ടിലും ഉണ്ടായിരിക്കണം. ഹരിത വിദ്യാലയം, നാട്ടുവിശേഷം, കൂട്ടെഴുത്ത്, പരീക്ഷണോത്സവം, ദിനാചരണങ്ങൾ എന്നീ പദ്ധതികളിലൂടെ ഈ ലക്ഷ്യം ഒരു പരിധി വരെ നേടാനാകും.
- ഗണിത പ്രവർത്തനങ്ങളിലെ താൽപര്യക്കുറവ്, ഗണിതകേളികൾ, പസ്സിലുകൾ, കച്ചവടക്കളികൾ, ഗണിത കൗതുകങ്ങൾ എന്നിവയിലൂടെ ഏറെകുറെ പരിഹരിക്കാനാകും.
- കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് നിരന്തര വ്യായാമം, മാസ്ഡ്രിൽ, Zumba dance, Aerobics എന്നിവ കുട്ടികളുടെ ദിനചര്യയുടെ ഭാഗമാക്കാവുന്നതാണ്.
- ആരോഗ്യ കായിക വിദ്യാഭ്യാസം - ഭക്ഷണ ശീലങ്ങൾ, ശുചിത്വ ശീലങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ഡിജിറ്റൽ അച്ചടക്കം എന്നിവയിലൂടെ പരിഹരിക്കാം

# പത്തരമാറ്റ്

| ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും മത്സര പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നു | പാഠഭാഗങ്ങളിലെ യുക്തിചിന്ത വർദ്ധിപ്പിക്കുന്ന ചോദ്യാവലികൾ നൽകുന്നു | ജൂലൈ – മാർച്ച് | CRG | ക്ലാസ് ടീച്ചർ CRG SRG |
| യുക്തിചിന്ത , സൂക്ഷ്മത , ശ്രദ്ധ എന്നിവ കുട്ടികളിൽ വളർത്തൽ | യൂണിറ്റ് ടെസ്റ്റുകൾ, ഓ എം ആർ ടെസ്റ്റുകൾ, NAS, LSS model ചോദ്യങ്ങൾ ഉൾപ്പെടുത്തി നൽകുന്നു | ജൂലൈ – മാർച്ച് | CRG | ക്ലാസ് ടീച്ചർ CRG SRG |

# KNOW YOUR CHILD

**ലക്ഷ്യം**

- ക്ലാസിലെ മുഴുവൻ കുട്ടികളെയും മുഴുവനായും അറിയുക
- ഗൃഹ സന്ദർശനം മുതൽ കുട്ടിയെ കുറിച്ച് സമഗ്ര പഠനം
- കുട്ടിയുടെ പരിസ്ഥിതിക്കനുസരിച്ച് പഠന വിഭവങ്ങൾ നൽകൽ
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് അടിസ്ഥാനത്തിൽ പ്രത്യേക പഠന പ്രവർത്തന പാക്കേജ് കണ്ടെത്തൽ
- കുട്ടിയെ സമഗ്രമായി പഠിച്ച സമഗ്ര വികസനത്തിന് സഹായിക്കൽ

**പ്രവർത്തന ക്രമം**

- ഗൃഹ സന്ദർശനം നടത്തി കുട്ടിയെ അറിയൽ
- കുട്ടിയെ അറിഞ്ഞ് അവന്റെ സമഗ്ര വികസനത്തിനതകുന്ന പഠന പ്രവർത്തനങ്ങൾ നൽകുക
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാനത്തിൽ പ്രവർത്തന പാക്കേജ് തയ്യാറാക്കി ക്ലാസ്സിൽ അപ്ലൈ ചെയ്യുക

# KNOW YOUR CHILD

| ലക്ഷ്യം | പ്രവർത്തനക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ക്ലാസിലെ മുഴുവൻ കുട്ടികളെയും മുഴുവനായും അറിയുക | ഗൃഹ സന്ദർശനം നടത്തി കുട്ടിയെ അറിയൽ | സെപ്റ്റംബർ & ഒക്ടോബർ | | ക്ലാസ് ടീച്ചർ CRG SRG |
| ഗൃഹ സന്ദർശനം മുതൽ കുട്ടിയെ കുറിച്ച് സമഗ്ര പഠനം | കുട്ടിയെ അറിഞ്ഞ് അവന്റെ സമഗ്ര വികസനത്തിനതകുന്ന പഠന പ്രവർത്തനങ്ങൾ നൽകുക | സെപ്റ്റംബർ മാർച്ച് | | ക്ലാസ് ടീച്ചർ CRG SRG |
| കുട്ടിയുടെ പരിസ്ഥിതിക്കനുസരിച്ച് പഠന വിഭവങ്ങൾ നൽകൽ | ഓരോ കുട്ടിയുടെയും വീട്ടിലെ സാഹചര്യം മനസ്സിലാക്കി അതിനുതകുന്ന വിധത്തിൽ പഠനാനുഭവങ്ങൾ നൽകുന്നു. | സെപ്റ്റംബർ – മാർച്ച് | | ക്ലാസ് ടീച്ചർ CRG SRG |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് അടിസ്ഥാനത്തിൽ പ്രത്യേക പഠന പ്രവർത്തന പാക്കേജ് കണ്ടെത്തൽ | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന പഠന പ്രവർത്തന പാക്കേജ് തയ്യാറാക്കി ക്ലാസ്സിൽ അപ്ലൈ ചെയ്യുക | സെപ്റ്റംബർ – മാർച്ച് | | ക്ലാസ് ടീച്ചർ CRG SRG |
| കുട്ടിയെ സമഗ്രമായി പഠിച്ച സമഗ്ര വികസനത്തിന് സഹായിക്കൽ | വ്യക്തികത പിന്തുണയും പ്രോത്സാഹനവും കൈത്താങ്ങും നൽകി പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ മറ്റു കുട്ടികളോടൊപ്പമെത്തിക്കുന്നു | സെപ്റ്റംബർ – മാർച്ച് | | ക്ലാസ് ടീച്ചർ CRG SRG |

# ആരോഗ്യ കായിക വിദ്യാഭ്യാസം

**ആരോഗ്യസംബന്ധമായ അറിവ് വർദ്ധിപ്പിച്ച് അതിൽ ഇടപെടാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുന്ന പ്രക്രിയയാണ് ആരോഗ്യ വിദ്യാഭ്യാസം.കായിക പ്രവർത്തനങ്ങളിലൂടെ ആർജ്ജിക്കുന്ന സവിശേഷ ഗുണങ്ങൾ പരിശീലിക്കുന്നതാണ് കായിക വിദ്യാഭ്യാസം.**

**ലക്ഷ്യപ്രസ്താവനകൾ**

- കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു.
- ആരോഗ്യ ശീലങ്ങൾ കൈക്കൊള്ളാൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ക്രമം**

- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മാസ്സ് ഡ്രിൽ പരിശീലനം.
- നിത്യവും സ്കൂളിലെ മുഴുവൻ കുട്ടികൾക്കും 5 മിനിറ്റ് zoomba dance.
- എല്ലാ ക്ലാസിലും ലഘു കളികൾ, ഗെയിമുകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി നൽകുന്നു.

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു. | • സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മാസ്സ് ഡ്രിൽ പരിശീലനം.<br>• നിത്യവും സ്കൂളിലെ മുഴുവൻ കുട്ടികൾക്കും 5 മിനിറ്റ് zoomba dance.<br>• എല്ലാ ക്ലാസിലും ലഘു കളികൾ, ഗെയിമുകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി നൽകുന്നു. | ജൂൺ – ഫെബ്രുവരി | PTA | ക്ലാസ് ടീച്ചർ |
| ആരോഗ്യ ശീലങ്ങൾ കൈക്കൊള്ളാൻ പ്രാപ്തരാക്കുന്നു. | വ്യക്തിശുചിത്വം പരിസര ശുചിത്വം ബോധവത്കരണങ്ങൾ, ആരോഗ്യ ശീലങ്ങൾ, പോഷകാഹാരം, വ്യായാമം എന്നിവയുടെ പ്രാധാന്യം കുട്ടികളിലേക്കെത്തിക്കാനുതകുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ. | ജൂൺ– ഫെബ്രുവരി | PTA | CRG SRG |

# പഠനോത്സവം

**ഓരോ ക്ലാസിലെയും കുട്ടികൾ പഠനത്തിൻറെ ഭാഗമായി ഉൾക്കൊണ്ട് കാര്യങ്ങൾ നിർഭയമായി വിനിമയം ചെയ്യാനുള്ള അവസരമാണ് പഠനോത്സവം.ഉത്സവാ അന്തരീക്ഷത്തിൽ വിദ്യാലയത്തിന്റെ അക്കാദമികമായ നിലവാരം കുട്ടികളുടെ പ്രകടനങ്ങളിലൂടെ സമൂഹത്തെയും രക്ഷിതാക്കളെയും അറിയിക്കുകയാണ് പഠനോത്സവം ചെയ്യുന്നത്**

**ലക്ഷ്യപ്രസ്താവനകൾ**

- കുട്ടികളുടെ പഠന മികവുകളെ അറിവും ആർജിച്ച കഴിവുകളും പഠന തെളിവുകളുമായി പങ്കുവെക്കുക
- ആർജ്ജിച്ച അറിവിനെയും കഴിവിനെയും സമൂഹവുമായി പങ്കുവെക്കുക
- കുട്ടികളുടെ മികവാർന്ന പഠനത്തിനായി സമൂഹവും രക്ഷിതാക്കളും വഹിക്കേണ്ട പങ്കിനെ കുറിച്ച് ധാരണ വികസിപ്പിക്കുക

**പ്രവർത്തന ഘട്ടങ്ങൾ**

- ഓരോ പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികൾ ആർജ്ജിച്ച കഴിവുകൾ ക്ലാസുകളിൽ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു
- ഓരോ ടേമിലും കുട്ടികൾ നേടിയ കഴിവുകൾ നിശ്ചയിച്ച സി പി ടി എ കളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു
- ഓരോ കുട്ടിക്കും ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് വർഷാവസാനത്തിൽ സ്കൂൾതല പഠനോത്സവം നടത്തുന്നു

# പഠനോത്സവം

| ലക്ഷ്യം | പ്രവർത്തനക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടികളുടെ പഠന മികവുകളെ അറിവും ആർജിച്ച കഴിവുകളും പഠന തെളിവുകളുമായി പങ്കുവെക്കുക. | ഓരോ പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികൾ ആർജ്ജിച്ച കഴിവുകൾ ക്ലാസുകളിൽ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ – ഫെബ്രുവരി | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| ആർജ്ജിച്ച അറിവിനെയും കഴിവിനെയും സമൂഹവുമായി പങ്കുവെക്കുക. | ഓരോ ടേമിലും കുട്ടികൾ നേടിയ കഴിവുകൾ നിശ്ചയിച്ച സി പി ടി എ കളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| കുട്ടികളുടെ മികവാർന്ന പഠനത്തിനായി സമൂഹവും രക്ഷിതാക്കളും വഹിക്കേണ്ട പങ്കിനെ കുറിച്ച് ധാരണ വികസിപ്പിക്കുക | ഓരോ കുട്ടിക്കും ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് വർഷാവസാനത്തിൽ സ്കൂൾതല പഠനോത്സവം നടത്തുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ CRG PTA BRC | ക്ലാസ് ടീച്ചർ CRG |

# പരീക്ഷണോത്സവം

ഓരോ ക്ലാസിലെയും കുട്ടികളിൽ ശാസ്രാവബോധം വളർത്താൻ സഹായകരമായ പ്രവർത്തനമാണ് പരീക്ഷ നോൽസവം.പഠന പ്രവർത്തനങ്ങൾക്കിടയിൽ വരുന്ന പരീക്ഷണങ്ങളെല്ലാം ശരിയായ ധാരണ നേടിയ ശേഷം മൂന്ന് ടേമുകളിലും ഓരോ പരീക്ഷനോത്സവം സംഘടിപ്പിക്കുന്നു

**ലക്ഷ്യപ്രസ്താവനകൾ**

- ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നു
- അപഗ്രഥിച്ച നിഗമനത്തിൽ എത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
- വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത,കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.
- യുക്തിചിന്ത വളർത്തുന്നു

**പ്രവർത്തനങ്ങൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നു,പുതിയ രൂപകൽപ്പന ചെയ്യുന്നു
- ഓരോ ടേമിലും വരുന്ന മുഴുവൻ പരീക്ഷണങ്ങളും ചേർത്ത് പരീക്ഷനോത്സവം നടത്തുന്നു

# പരീക്ഷണോത്സവം

| ലക്ഷ്യം | പ്രവർത്തനക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നു | കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുന്ന രീതിയിൽ നിരീക്ഷണ പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു. | ജൂൺ – ഫെബ്രുവരി | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| അപഗ്രഥിച്ച നിഗമനത്തിൽ എത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നു. പുതിയ പരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്യുന്നു. | ജൂൺ – ഫെബ്രുവരി | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത,കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | പരീക്ഷണത്തിനാവശ്യമായ ഉപകരണങ്ങൾ കുട്ടികൾക്ക് സ്വന്തമായി സൂക്ഷ്മതയോടെയും കൃത്യതയോടെയും കൈകാര്യം ചെയ്യാൻ അവസരമൊരുക്കുന്നു. | ജൂൺ – ഫെബ്രുവരി | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| യുക്തിചിന്ത വളർത്തുന്നു | ഓരോ ടേമിലും വരുന്ന മുഴുവൻ പരീക്ഷണങ്ങളും ചേർത്ത് പരീക്ഷനോത്സവം നടത്തുന്നു. ഓരോ പരീക്ഷണവും സ്വയം ചെയ്യുന്നതിന്റെ ഫലമായി കുട്ടികളിൽ യുക്തിചിന്തയും ആത്മവിശ്വാസവും വളർത്താൻ കുട്ടികളെ സജ്ജരാക്കുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ CRG PTA BRC | ക്ലാസ് ടീച്ചർ CRG |

# ബാലസഭ

**എല്ലാക്ലാസിലെയും കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മാസത്തിലൊരിക്കൽ കുട്ടികളുടെ നിയന്ത്രണത്തിൽ ബാലസഭ ചേരുന്നു.**

## ലക്ഷ്യപ്രസ്താവനകൾ

- സ്വന്തം ആശയങ്ങളെയും അനുഭവങ്ങളെയും വിവിധ വ്യവഹാര രൂപത്തിലൂടെ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നു.

## പ്രവർത്തന ക്രമം

- മാസത്തിലൊരിക്കൽ കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട സർഗ്ഗശേഷി അവതരിപ്പിക്കാൻ അവസരം നൽകുന്നു
- പാട്ടരങ്ങിലെ മികച്ച പ്രകടനങ്ങളും മികച്ച പരീക്ഷണങ്ങളും ബാലസഭയിൽ അവതരിപ്പിക്കുന്നു

| ലക്ഷ്യം | പ്രവർത്തനക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| സ്വന്തം ആശയങ്ങളെയും അനുഭവങ്ങളെയും വിവിധ വ്യവഹാര രൂപത്തിലൂടെ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു. | മാസത്തിലൊരിക്കൽ കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട സർഗ്ഗശേഷി അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂലൈ – ഫെബ്രുവരി | | ക്ലാസ് ടീച്ചർ |
| കുട്ടികളുടെ സർഗ്ഗശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നു. | പാട്ടരങ്ങിലെ മികച്ച പ്രകടനങ്ങളും മികച്ച പരീക്ഷണങ്ങളും ബാലസഭയിൽ അവതരിപ്പിക്കുന്നു. | ജൂലൈ – ഫെബ്രുവരി | | ക്ലാസ് ടീച്ചർ |

# ക്ലാസ് പത്രം

| ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പത്ര വാർത്തകളുടെ ഘടന തിരിച്ചറിയുന്നു | ദൈനംദിന പത്രങ്ങളിലെ 3 വാർത്തകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു | July to Feb | | Class Teacher |
| ദൈനം ദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ ആക്കുന്നതിനുള്ള കഴിവ് നേടുന്നു | കുട്ടികൾ ഓരോ ദിവസത്തെയും പ്രധാനപ്പെട്ട വിവരങ്ങൾ ഗ്രൂപ്പുകളിൽ പങ്കുവെക്കുന്നു പത്രവാര്ത്തക്ക് അനുയോജ്യമായി അവതരിപ്പിക്കുന്നു | Aug to Feb | | Class Teacher |
| ദൈനം ദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു . ക്ലാസ്സ് പത്രം രൂപീകരിക്കുന്നു | ഗ്രൂപ്പുകളിൽ പങ്കു വെച്ച അനുഭവങ്ങൾ പത്രവാർത്തയുടെ ഘടനയിൽ എഴുതി തയ്യാറാക്കുന്നു എല്ലാ ഗ്രൂപ്പുകളുടെയും വാർത്തകൾ ചേർത്ത് ക്ലാസ് പത്രം രൂപീകരിക്കുന്നു | Aug. to മാസത്തിൽ ഒന്ന് | | Class Teacher. |

# ഗണിതകേളി

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം. ഓരോ പഠന ലക്ഷ്യത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ് ഗണിതകേളികൾ

ലക്ഷ്യപ്രസ്താവനകൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം പ്രശ്നവതരണം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
* ഗണിതകേളികളിലൂടെ ഗണിതാ ശയങ്ങൾ ഉറപ്പിക്കൽ

പ്രവർത്തന ഘട്ടങ്ങൾ

* ഗണിതകേളി പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് എസ്ആർജിയിൽ അംഗീകാരം വാങ്ങുന്നു
* സിപിടിഎയിൽ ഗണിതകേളി പ്രവർത്തന പദ്ധതി അവതരിപ്പിക്കുന്നു
* കുസൃതി കണക്ക് ശില്പശാല നടത്തുന്നു

# റീഡേഴ്സ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| വായനയിൽ താല്പര്യം ജനിപ്പിക്കുന്ന ധാരാളം കേൾക്കാൻ അവസരങ്ങൾ നൽകുന്നു വായനയെ ആസ്വദിക്കുന്നു | പാഠഭാഗം അല്ലെങ്കിൽ പരിചിതമായ കഥ എന്നിവ ആശയഗ്രഹണത്തോടെ വായിക്കാൻ അവസരം നൽകുന്നു വിലയിരുത്തുന്നു ക്രോഡീകരണം | JULY TO FEBRUARY | | CLASS TEACHER |
| ഉറക്കെ വായനയിലൂടെ കുട്ടിക്ക് ആത്മ വിശ്വാസം ലഭിക്കാൻ അവസരം നൽകുന്നു .<br><br>സഹകരണം സഹായം ആശയ വിനിമയ കഴിവ് എന്നിവ വളർത്തിയെടുക്കാൻ കഴിയുന്നു | ധാരാളം വായിക്കാൻ അവസരം നൽകുന്നു കുട്ടിക്ക് ആത്മവിശ്വാസം കിട്ടുന്ന തരത്തിൽ വായനയെ പ്രോത്സാഹിപ്പിക്കുന്നു സ്ക്രിപ്റ്റ് തയ്യാറാക്കൽ ,അവതരിപ്പിക്കൽ വായന മെച്ചപ്പെടുത്താൻ കൂട്ടുകാർ തമ്മിൽ സഹായിക്കൽ എന്നിവ കൂടിയിൽ സാമൂഹ്യ ബന്ധം ഉണ്ടാക്കുന്നു | AUGUST TO FEBRUARY | | CLASS TEACHER |

| ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കഥാപാത്രത്തിന്റെ സ്വഭാവം,പ്രായം ,വികാരം എന്നിവ പരിഗണിച്ച ഭാവം ഉൾക്കൊണ്ടു ശബ്ദ വ്യതിയാനത്തോടെ വായിക്കുന്നു | കഥാപാത്രത്തിന്റെ പ്രാധാന്യം വരുന്ന ,ഭാവം വരുന്ന വായന മെറ്റീരിയൽസ് നൽകി വായിപ്പിക്കുന്നു | SEPTEMBER TO MARCH | | CLASS TEACHER |
| കഥാഭാഗം വായിച്ച സംഭവങ്ങൾ ,കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ച സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവ് നേടുന്നു<br>തയ്യാറാക്കിയ സ്ക്രിപ്റ്റ് ശബ്ദ വ്യതിയാനങ്ങൾ ,ഭാവ വ്യത്യാസങ്ങൾ എന്നോതിവ ഉൾക്കൊണ്ടു കൊണ്ട് വായിക്കാൻ അവസരം നാൾകുന്നു | പാഠഭാഗം അല്ലെങ്കിൽ കഥാഭാഗം കുട്ടിക്ക് നൽകി അവ വീണ്ടു വീണ്ടും വായിച്ച കാഥാപാത്രങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ സ്ക്രിപ്റ്റ് തയ്യാറാക്കുന്നു | NOVEMBER TO MARCH | | TEACHERS TEAM |
| മികച്ച വായനക്കാരെ കണ്ടെത്തി ആദരിക്കുന്നു | നിരന്തര വിലയിരുത്തലിന്റെ അടിസ്ഥ ാനത്തിൽ റീഡേഴ്സ് തിയറ്ററിൽ കഴിവ് തെളിയിച്ച കുട്ടികളെ അനുമോദിക്കിരുന്നു കൂടുതൽ വായനക്ക് പ്രചോദനം നൽകുന്നു | MARCH | | Teachers TEAM |

## *ഹരിത വിദ്യാലയം,ശുചിത്വ വിദ്യാലയം*

ജൈവ ,അജൈവ മാലിന്യങ്ങൾ ആധുനിക രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ഉതകുന്ന തരത്തിലുള്ള ശുചിത്വ സംവിധാനങ്ങൾ സ്കൂളിൽ നിർണ്ണയിക്കുകയും, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് നടപ്പിലാക്കുക എന്നിവയാണ് ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയത്തിലൂടെ വിഭാവനം ചെയ്യുന്നത്.

### ലക്ഷ്യപ്രസ്താവനകൾ

★വിദ്യാലയം ഹരിതാഭം ആക്കുക

★വിദ്യാലയ ശുചിത്വബോധം ഉണ്ടാക്കുക

★പ്ലാസ്റ്റിക് മുക്ത ക്ലാസ് മുറികൾ

### പ്രവർത്തന ക്രമം

#ശുചിത്വ അവബോധ ക്ലാസുകൾ

#പ്ലാസ്റ്റിക് മുക്ത വിദ്യാലയ ബോധവൽക്കരണം

#ജൈവ സംസ്കരണ രീതി ,കമ്പോസ്റ്റ്

#ഹരിത സേനാ പ്രവർത്തനങ്ങൾ

#ടോയ്‌ലറ്റ് ഉപയോഗിക്കുന്ന രീതി ശാസ്ത്രം-ബോധവൽക്കരണം

#ക്ലാസ് സൗന്ദര്യവൽക്കരണം

#മാലിന്യ സംസ്കരണ ബോധവൽക്കരണം

# സചിത്ര ഡയറി

## ലക്ഷ്യ പ്രസ്താവന

*സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴു താനും കഴിയുന്നു

*സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

*സ്വാതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സധി കുന്നു.

*അനുഭവധിഷ്ഠിധ ഭാഷ പഠനം സാധ്യമാകുന്നു

## പ്രവർത്തനഘട്ടങ്ങൾ

*സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു.
ചർച്ചയിലെ നിർദ്ദേശമനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)

*ക്ലാസ് പിടിഎയിൽ ഡയറി എഴുതുന്നതിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു
രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)

*എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു

*ജൂൺ മുതൽ ആരംഭിക്കുന്നു

*ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു

*കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു

*കുട്ടികളിൽ സമ്മർദ്ദ മേഘലാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു

*സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു

*എൻറെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

## *വിലയിരുത്തൽ*

*ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്

*എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്

*സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്

*രചാനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതുസമൂഹവുമാ യും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്

*മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തകരൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്

*വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്

*തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാന അധ്യാപകൻ

സാമ്പത്തികം

എസ്.എസ്. കെ

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പ്രധാന പ്രവർത്തനങ്ങൾ, സംഭവങ്ങൾ, വ്യക്തികൾ തുടങ്ങിയവയോടുള്ള ആദരവ്, പ്രാധാന്യം എന്നിവ സമൂഹത്തെയും പ്രത്യേകിച്ച് കുട്ടികളെയും ഓർമ്മപ്പെടുത്തുക | പ്രധാനപ്പെട്ട ദിനാചരണങ്ങൾ പട്ടികപ്പെടുത്തുന്നു . ഓരോ ദിനാചരണവും പഠന പഠന ലക്ഷ്യവുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു | ജൂൺ to മാർച്ച് | | CRG |
| ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങൾ ആയി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നൽകുന്നു | രണ്ടാം ക്ലാസിനുതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് എസ് ആർ ജിയിൽ തീരുമാനിച്ച ചിട്ടപ്പെടുത്തുന്നു | - ജൂൺ - ഫെബ്രുവരി | | CRG |
| | | | | |

## ദൈനംദിന പ്രവർത്തനങ്ങൾ

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പൊതുവിജ്ഞാന അറിവ് വർദ്ധിപ്പിക്കുക,പദസമ്പത്ത് വളർത്തുക,ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് ദൈനംദിന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുൻപിൽ പ്രകടിപ്പിക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമാണ്.

**ലക്ഷ്യപ്രസ്താവനകൾ**

*പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു
*കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുകയും കയ്യെഴുത്ത് മെച്ചപ്പെടുത്തുകയും ചെയ്യുന്നു
*ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിച്ച് കമ്മ്യൂണിക്കേഷൻ മെച്ചപ്പെടുത്തുന്നു
*കായിക ക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം പഠന പ്രവർത്തനങ്ങളിൽ സജ്ജരാക്കുന്നു

***പ്രവർത്തന ഘട്ടങ്ങൾ***

★ദൈനംദിന പ്രവർത്തനങ്ങൾ എസ്ആർജിയിൽ അവതരിപ്പിക്കുന്നു
★ക്ലാസ് പിടിഎയിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു
★ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നു
★ഓരോ പ്രവർത്തനങ്ങൾക്കും നി ശ്ചിത സമയം കണ്ടെത്തി നടപ്പാക്കുന്നു
★വിജയികളെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നു

***വിലയിരുത്തൽ***

#ദൈനംദിന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തമുണ്ട്
#ലക്ഷ്യപ്രാപ്തിക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
#കുട്ടികളുടെ പങ്കാളിത്തം വീഡിയോ ഡോക്യുമെന്റ് ചെയ്തു പൊതുസമൂഹത്തിൽ പങ്കുവെച്ചിട്ടുണ്ട്

**ചുമതല:**

ക്ലാസ് എസ് ആർ ജി,പിടിഎ

സാമ്പത്തികം:ക്ലാസ് ടീച്ചർ

## എല്ലാ ദിവസവും നടക്കേണ്ട പ്രവർത്തനങ്ങൾ

ഇന്നത്തെ ചിന്താ വിഷയം - ആദ്യം അധ്യാപകർ , പിന്നീട് കുട്ടികൾ എല്ലാ ദിവസവും അസംബ്ലിയിൽ അവതരിപ്പിക്കുന്നു .

## എല്ലാ ആഴ്ചയും നടക്കേണ്ട പ്രവർത്തനങ്ങൾ

### തിങ്കൾ

ക്ലാസ് 1 : തിങ്കൾ - കേട്ടെഴുത്ത് (Lista-Writa)
ക്ലാസ് 2 : ലിറ്റിൽ ജീനിയസ് - പൊതുവിജ്ഞാനം - ക്വിസ് മത്സരങ്ങൾ
ക്ലാസ് 3 : Quiz Whiz -
ക്ലാസ് 4 : Reading Rumble – Library book ഉപയോഗിച്ച്

### ചൊവ്വ

ക്ലാസ് 1 : 1 വായന മത്സരം-English &Malayalam ( നല്ല വായന കുഞ്ഞുവായന)
ക്ലാസ് 2 : Voca Dicta - ഇംഗ്ലീഷ് , മലയാളം പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ .
ക്ലാസ് 3 : Spelling Sprint ( English)
ക്ലാസ് 4 : SciZone – ശാസ്ത്ര പ്രവർത്തനങ്ങൾ

### ബുധൻ

ക്ലാസ് 1 : വരയരങ്ങ് തീമുമായി ബന്ധപ്പെട്ട സർഗാത്മക ചിത്രരചന. (കുത്തിവര) . ഊന്നൽ അക്ഷരങ്ങൾ വരുന്ന കൂടുതൽ വാക്കുകൾ നൽകൽ (പദപത്തായം) .
ക്ലാസ് 2 : Pen to Paper - കൈയെഴുത്ത് ( Handwriting) മെച്ചപ്പെടുത്തുന്നതിന് .
ക്ലാസ് 3 : Reading Drama – ഭാവാത്മക വായന .
ക്ലാസ് 4 : Mathphere – Games , Puzzles . . .

## വ്യാഴം

ക്ലാസ് 1 : കയ്യെഴുത്ത് (കൈപ്പട)
ക്ലാസ് 2 : Fun with English - Spoken English
ക്ലാസ് 3 : Spelling Sprint ( EVS)
ക്ലാസ് 4 : Let's talk – to improve communication skill

## വെള്ളി

ക്ലാസ് 1 : തിമിർപ്പ് - പാട്ടരങ്ങ് പരിചിതമായ പാട്ടുകൾ സ്വന്തമായി താളം കണ്ടെത്തി പാടുന്നു .
ക്ലാസ് 2 : who will win ? - Minor Games , Mass Drill , Zoomba .
ക്ലാസ് 3 : Comprehension Corner - ( English) – പദ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് , വായനക്ക്
ക്ലാസ് 4 : Speech Craft – സംവാദം , പ്രസംഗം , നാടകം . . .

**അറബിക്** - വളരുന്ന നിഘണ്ടു - പാഠഭാത്തിലെ വാക്കുകൾ

## എല്ലാ മാസവും നടക്കേണ്ട പ്രവർത്തനങ്ങൾ

ക്ലാസ് 1 : monthly winner - ക്വിസ് മത്സരം
: The stars ( Diary ) കൂടുതൽ ഡയറി എഴുതിയവർക്ക് അംഗീകാരം.
ക്ലാസ് 2 : പത്തരമാറ്റ് - മത്സര പരീക്ഷകൾക്ക് തയ്യാറാക്കുന്നു.
ക്ലാസ് 3 : ക്ലാസ് പത്രം , Readers theatre .
ക്ലാസ് 4 : Talent Hunt – Performance day .

General : CPTA , OMR Test , Monthly Test , ബാല സഭ .

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26
## CKMMALPS Parakkad

മേഖല - അക്കാദമികം
ഉപ മേഖല - അറബിക്
ക്ലാസ് - I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവ് ഉണ്ടാക്കുന്നു. | - അക്ഷര വായന | I – II | ജൂൺ - ജൂലൈ | അധ്യാപകർ | അധ്യാപകർ PTA SRG |
| | - ക്ലാസ് വായന | I – II | ജൂൺ - ഫെബ്രു വരി | | |
| | - ലൈബ്രറി വായന | III – IV | | | |
| | - ചിത്ര വായന | I – IV | | | |
| | - മാഗസിൻ വായന | III – IV | നവംബർ - ഡിസംബർ | | |
| | - വീടു വായന | I – IV | | | |
| | - കഥാ വായന | III – IV | | | |
| | - വായനാ മത്സരങ്ങൾ | II – III – IV | ജൂൺ - മാർച്ച് | | |
| | - മോണിറ്ററിംഗ് | | ജൂൺ - മാർച്ച് | അധ്യാപകർ | |
| | - വാക്യങ്ങൾ ഉറപ്പിക്കൽ | I – IV | ജൂൺ - മാർച്ച് | | |
| | - വ്യാകരണങ്ങൾ | III – IV | ജൂൺ - മാർച്ച് | | |
| | - ഇ - വായന | I – IV | ജൂൺ - മാർച്ച് | | |
| വളരുന്ന പൊതു വിജ്ഞാനം | ആഴ്ചയിൽ കുട്ടികൾക്ക് 10 ചോദ്യങ്ങൾ നൽകുന്നു. | | | | |

| | | | | | |
|---|---|---|---|---|---|
| | മാസത്തിലൊരിക്കൽ മത്സരം നടത്തുന്നു. | | | | |
| വളരുന്ന നിഘണ്ടു. | -ഓരോ പാഠഭാഗത്തിന്റെയും നിഘണ്ടു തയ്യാറാക്കൽ | III- IV | ജൂൺ- മാർച്ച് | | PTA |
| | -അറബിക് അക്ഷരങ്ങൾ-കൊണ്ട് അർത്ഥ സഹിതം വാക്കുകൾ ഉണ്ടാക്കുന്നു.<br>- അക്ഷരങ്ങൾ കൊണ്ട് വാക്കുകൾ നിർമ്മിക്കുന്നു. | I - II | ജൂൺ- മാർച്ച് | അധ്യാപകർ | |
| അറബിക് ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | | ജൂലൈ - മാർച്ച് | | |
| | - ലാംഗ്വേജ് ഗെയിംസ് | | ജൂലൈ- മാർച്ച് | അധ്യാപകർ | |
| | - റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ | I- IV | ആഗസ്റ്റ്- ഫെബ്രുവരി | | അധ്യാപകർ<br>PTA |
| അറബിഭാഷ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ | III- IV | ജൂൺ- മാർച്ച് | | |
| | പദങ്ങൾ ഉറപ്പിക്കൽ | | ജൂൺ- മാർച്ച് | | |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ | I- II | ജൂൺ- മാർച്ച് | | |